# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.203, 06/12/2018-ൽ മറുപടിക്ക്

### 'സർക്കാർ നിയമനങ്ങളും പെൻഷൻ ഏകീകരണവും'

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുള്ള എം.എൽ.എ.<br>ശ്രീ. എം. ഉമ്മർ എം.എൽ.എ.<br>ശ്രീ. ടി.എ. അഹമ്മദ് കബീർ എം.എൽ.എ.<br>ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | പെൻഷൻ പ്രായം ഏകീകരണം, പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ എന്നിവ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | പെൻഷൻ പ്രായം ഏകീകരണം, പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ എന്നിവ പരിഗണനയിൽ ഇല്ല |
| (ബി) | വിവിധ വകുപ്പുകളിൽ നിലവിൽ ഒഴിവുള്ള ഏതെങ്കിലും തസ്തികളിലേയ്ക്ക് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ ധനവകുപ്പ് നിർദ്ദേശംനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | വിവിധ വകുപ്പുകളിൽ നിലവിൽ ഒഴിവുള്ള ഏതെങ്കിലും തസ്തികളിലേയ്ക്ക് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ പൊതുവായ നിർദ്ദേശങ്ങളൊന്നും തന്നെ ധനവകുപ്പ് നൽകിയിട്ടില്ല. എന്നാൽ ചില വകുപ്പുകളുടെ അടിയന്തിരമായ ആവശ്യകത പരിഗണിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനു അനുമതി നൽകിയ അവസരത്തിൽ, സ.ഉ.(അ) നം.28/2016/ധന തീയതി 26.02.2016, സ.ഉ.(അ) നം.56/2017/ധന തീയതി 28.04.2017, സ.ഉ.(അ) നം.112/2018/ധന തീയതി 21.07.2018 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകാൻ അനുവാദം നൽകിയിട്ടുണ്ട്. (വിശദീകരണ കുറിപ്പ് |

| | | |
|---|---|---|
| | | അനുബന്ധമായി ചേർത്തിരിക്കുന്നു). |
| (സി) | പി. എസ്. സി. ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ നിന്നും നിയമനം നടത്തുന്നതിന് ധനവകുപ്പിന്റെ ഭാഗത്തുനിന്നും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | പി. എസ്. സി. ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ നിന്നും നിയമനം നടത്തുന്നതിന് ധനവകുപ്പിന്റെ ഭാഗത്തുനിന്നും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, ജി.എസ്.റ്റി. നടപ്പിലാക്കി കഴിഞ്ഞ സാഹചര്യത്തിൽ എസ്.ജി.എസ്.റ്റി. വകുപ്പിൽ സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികകളിൽ ആവശ്യമുള്ള തസ്തികകൾ എത്രയാണ് എന്നതിൽ വിശദമായ അവലോകനം നടത്തിയതിനു ശേഷം മാത്രം പ്രസ്തുത തസ്തികയിൽ ഇനി ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്താൽ മതിയെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sd/-

**അക്കൗണ്ട്സ് ഓഫീസർ**

## വിശദീകരണ കുറിപ്പ്

1. പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പ്രഖ്യാപിത നയങ്ങൾക്കെതിരായതിനാൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണയിലില്ല.

2. വിവിധ വകുപ്പുകളിൽ നിലവിൽ ഒഴിവുള്ള ഏതെങ്കിലും തസ്തികളിലേയ്ക്ക് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ പൊതുവായ നിർദ്ദേശങ്ങളൊന്നും തന്നെ ധനവകുപ്പ് നൽകിയിട്ടില്ല. എന്നാൽ ചില വകുപ്പുകളുടെ അടിയന്തിരമായ ആവശ്യകത പരിഗണിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനു അനുമതി നൽകിയ അവസരത്തിൽ, പ്രസ്തുത തസ്തികളിലേയ്ക്ക് സ.ഉ.(അ)നം.28/2016/ധന തീയതി 26.02.2016, സ.ഉ.(അ)നം.56/2017/ധന തീയതി 28.04.2017, സ.ഉ.(അ)നം.112/2018/ധന തീയതി 21.07.2018 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനു ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകൾക്കു ധന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

**ആരോഗ്യ വകുപ്പ്**

1. ഡാറ്റ എൻട്രി ഓപ്പറേറ്റർ -5
2. സർജന്റ് & അറ്റൻഡർ - 1
3.സീനിയർ റസിഡന്റ് - 2
4. ക്ളാർക്ക് -2
5. ക്ളാർക്ക് (ജനറൽ) -1
6. അക്കൗണ്ട്സ് ക്ളാർക്ക്-1

**കൃഷി വകുപ്പ്**

സെക്യൂരിറ്റി ഗാർഡ് -2
ഹെവിവെഹിക്കിൾ ഡ്രൈവർ- 1
ഗാർഡനർ -1
വാച്ച്മാൻ -1
നൈറ്റ് വാച്ചമാൻ -1
ഡേറ്റ എൻട്രി ഓപ്പറേറ്റർ- 19
ഡ്രൈവർ -1
മാധ്യമ സാങ്കേതിക വിദഗ്ധൻ- 1
ഫാം ഇൻഫർമേഷൻ ബ്യൂറോ
വീഡിയോ ഗ്രാഫർ - 1

**മൃഗസംരക്ഷണം**

ലാബ് അസിസ്റ്റന്റ് - 3
കുര്യോട്ട് മല മൃഗ സംരക്ഷണ വകുപ്പ് ഫാമിൽ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ- 1
ആയൂർ ഹാച്ചറി ഡേറ്റാ എൻട്രി ഓപ്പറേറ്റർ -1
ഓഫീസ് അസിസ്റ്റന്റ് -1
സ്വീപ്പർ-1
കുര്യോട്ട് മല ഹൈടേക് ഡയറി ഫാം വാച്ച്മാൻ-1
ഡേറ്റാ എൻട്രി ഓപ്പറേറ്റർ-1
ഡക്ക് ട്രെയിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മഞ്ചാടി- പത്തനംതിട്ട

സ്വീപ്പർ-1
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രയിനിംഗ് സെന്റർ, വാഗമൺ
ഡേറ്റാ എൻട്രി ഓപ്പറേറ്റർ-1
വാച്ചമാൻ-1
സ്വീപ്പർ-1
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രയിനിംഗ് സെന്റർ, സുൽത്താൻബത്തേരി
വാച്ചമാൻ-1
ഡേറ്റാ എൻട്രി ഓപ്പറേറ്റർ-1
സ്വീപ്പർ-1

**ഫുഡ് & സിവിൽ സപ്ലൈസ്**

പ്രോജക്റ്റ് മാനേജ്മെന്റ് അസോസിയേറ്റ്-1
ഓഫീസ് അറ്റൻഡന്റ്-1
ഫുൾടൈം വാച്ചർ-1
കാഷ്വൽ സ്വീപ്പർ-1

**സഹകരണ വകുപ്പ്**

പുതിയ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ്
ഓഫീസ് അറ്റന്റന്റ്-14
പാർട്ട് ടൈം സ്വീപ്പർ-14

**പൊതുമരാമത്ത് വകുപ്പ്**

KIIFB സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിനു കീഴിൽ
ഗ്രാജുവേറ്റ് എഞ്ചിനീയർ-89
സിവിൽ വിഭാഗത്തിൽ ഡിപ്ലോമ യോഗ്യതയുള്ളവർ-200
ഭരണപരവും അക്കൗണ്ട്സ് സംബന്ധിച്ചതുമായ തസ്തികകൾ-11

**തൊഴിൽ വകുപ്പ്**

പുതിയ ഐ ടി ഐ കൾ (കുറ്റിക്കോൽ ,(കാസറഗോഡ്), മയ്യനാട് (കൊല്ലം), പീലിക്കോട് (കാസറഗോഡ്), വർക്കല (തിരുവനന്തപുരം) ചിത്തിരപുരം (ഇടുക്കി,) എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകിയപ്പോൾ വാച്ച്മാൻ, സ്വീപ്പർ എന്നീ തസ്തികകൾ സൃഷ്ടിക്കാതെ KEXCON , കുടുംബശ്രീ എന്നിവിടങ്ങളിൽ നിന്നുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.കൂടാതെ പാലക്കാട് കൊഴിഞ്ഞമ്പാറ ഐ ടി ഐ യിൽ നാല് ജൂനിയർ ഇൻസ്ട്രക്ടർമാരെ സ്ഥിരം തസ്തിക സൃഷ്ടിക്കാതെ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം വ്യാവസായിക പരിശീലന വകുപ്പിൽ ഐ ടി സെൽ രൂപീകരിച്ചതിൽ രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക സൃഷ്ടിച്ച് കരാർ നിയമനം നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.

3. പി. എസ്. സി. ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ നിന്നും നിയമനം നടത്തുന്നതിന് ധനവകുപ്പിന്റെ ഭാഗത്തുനിന്നും പൊതുവായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.